## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **5646** — 24/05/2017-ൽ മറുപടിക്ക്

## രോഗപ്രതിരോധ കുത്തിവയ്പ്പുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. റ്റി.വി.രാജേഷ്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) | രോഗപ്രതിരോധ മരുന്നുകൾ / കുത്തിവയ്പ്പുകൾ സ്വീകരിക്കുന്ന കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | 2015-16 വർഷത്തിൽ പ്രതിരോധകുത്തിവെയ്പ്പുകൾ പൂർണ്ണമായും 88.5% കുട്ടികളും ഭാഗികമായി 10.5% കുട്ടികളും എടുത്തിട്ടുണ്ട്. |
| ബി) | എങ്കിൽ എല്ലാ കുട്ടികൾക്കും രോഗപ്രതിരോധ കുത്തിവയ്പ്പുകൾ പൂർണ്ണമായും നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | ബി) | എല്ലാ കുട്ടികൾക്കും രോഗ പ്രതിരോധ മരുന്ന്/കുത്തിവയ്പ്പ് നൽകുന്നതിനായി താഴെ കൊടുത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്നതിനായി രോഗ പ്രതിരോധ കുത്തിവെയ്പ്പ് പട്ടിക നിലവിലുണ്ട്. പ്രസ്തുത പട്ടിക പ്രകാരം പി.എച്ച്.സി, സി.എച്ച്.സി, സബ് സെന്റർ എന്നിവ വഴി പ്രതിരോധ കുത്തിവെയ്പ്പുകൾ നൽകി വരുന്നു. കൂടാതെ പ്രസവം നടക്കുന്ന ആശുപത്രികളിലും പ്രതിരോധ കുത്തിവെയ്പ്പുകൾ ലഭ്യമാണ്. പ്രതിരോധ കുത്തിവെയ്പ്പ് എടുക്കാത്ത കുട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പ്പുകൾ നൽകുന്നതിനായി പ്രത്യേക കുത്തിവെയ്പ്പ് പദ്ധതി "മിഷൻ ഇന്ദ്രധനുഷ്" പ്രകാരം നടത്തിവരുന്നു. ഇതു കൂടാതെ പ്രത്യേക സ്ഥലങ്ങളിൽ വച്ച് മുൻ നിശ്ചയിച്ചപ്രകാരം പി.എച്ച്.സി യുടെ നേതൃത്വത്തിൽ പ്രതിരോധ കുത്തിവെയ്പ്പുകൾ നൽകി വരുന്നു.<br>ആരോഗ്യ പ്രവർത്തകർ പ്രതിരോധ കുത്തിവെയ്പ്പ് എടുക്കാത്ത കുട്ടികളെ കണ്ടുപിടിച്ച് അവരെ കുത്തിവെയ്പ്പിന് പ്രേരിപ്പിക്കുന്ന നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ